പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4723 21.10.2011-ൽ മറുപടിയ്ക്ക്

ആർ. ജി. ജി. വി. വൈ. പദ്ധതി.

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) ആർ. ജി. ജി. വി. വൈ. പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എ) ആർ. ജി.ജി. വി. വൈ പദ്ധതി കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പിലാക്കിവരികയാണ്. ഇടുക്കി ജില്ലയിൽ പദ്ധതി നടപ്പിലാക്കികഴിഞ്ഞു. മറ്റ് 7 ജില്ലകളിൽ ആർ. ഇ. സി. യുടെ അനുമതി കിട്ടുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(ബി) കണ്ണൂർ, കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതിക്കായി ആകെ 134.52 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 48.44 കോടി രൂപ ലഭിക്കുകയും 31.90 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ആകെ എത്ര പ്രവൃത്തികളാണ് ഇതനുസരിച്ച് അംഗീകരിച്ചിട്ടുള്ളതെന്നും എത്രയെണ്ണം പൂർത്തിയായി എന്നും ബാക്കി എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കുമോ ?

(സി) ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, വയനാട്, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ അംഗീകരിച്ച പ്രവൃത്തികൾ ഇപ്രകാരമാണ്.

11 കെ.വി ലൈൻ നിർമ്മാണം - 1166.5 കി. മീ.

3 ഫേസ് ലൈൻ നിർമ്മാണം - 473.86 കി. മീ.

സിംഗിൾ ഫേസ് ലൈൻ നിർമ്മാണം - 1713.35 കി. മീ.
25 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 1453 എണ്ണം.
ബി. പി. എൽ സർവ്വീസ് കണക്ഷൻ നൽകൽ - 54614 എണ്ണം.
പുതിയ സബ്സ്റ്റേഷൻ നിർമ്മാണം - 1 എണ്ണം.
നിലവിലുള്ള സബ്സ്റ്റേഷൻെറ ശേഷി ഉയർത്തൽ - 2 എണ്ണം.

ഇടുക്കി ജില്ലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

11 കെ. വി ലൈൻ നിർമ്മാണം - 249.944 കി. മീ.
3 ഫേസ് ലൈൻ നിർമ്മാണം - 63.511 കി. മീ.
സിംഗിൾ ഫേസ് ലൈൻ നിർമ്മാണം - 368.688 കി. മീ.
ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 275 എണ്ണം.
ബി. പി. എൽ. സർവ്വീസ് കണക്ഷൻ നൽകൽ - 17238 എണ്ണം.

മറ്റു 6 ജില്ലകളിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2012 സെപ്റ്റംബർ മാസത്തോടു കൂടി പണികൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ.